# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3865 — 25.06.2013- ൽ മറുപടിക്ക്

### പ്രാദേശിക ബ്രാന്റ് കൈത്തറി ഉല്പന്നങ്ങളുടെ വികസനത്തിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറയം ഗോപകുമാർ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | അന്തർദേശീയ, ആഭ്യന്തര വിപണികളിൽ മത്സരിക്കാൻ പ്രാപ്തിയുള്ള ഗുണമേന്മയുള്ള പ്രാദേശിക ബ്രാന്റ് കൈത്തറി ഉല്പന്നങ്ങളുടെ വികസനത്തിന് നിലവിൽ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരളാ കൈത്തറിയുടെ ബ്രാന്റിംഗിന്റെ ഭാഗമായി കേരളാ കൈത്തറി എന്ന പേരിൽ ലോഗോ പ്രകാശനം ചെയ്തിട്ടുണ്ട്. ഈ ലോഗോ ചൂഷണം ചെയ്യാതിരിക്കാൻ രജിസ്ട്രാർ ഓഫ് പേറ്റന്റിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അന്തർദേശീയ ആഭ്യന്തര വിപണികളിൽ മത്സരിക്കാൻ പ്രാപ്തിയുള്ള പുതിയ ഡിസൈൻ വികസിപ്പിച്ചെടുക്കുകയും അവ നിർമ്മിക്കാൻ നെയ്ത്തുകാർക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നുണ്ട്. ബാലരാമപുരം സാരീസ് ആന്റ് ഫൈൻ കോട്ടൺ ഫേബ്രിക്സ്, കുത്താംപുള്ളി സാരി, കാസർഗോഡ് സാരീസ്, ചേന്ദമംഗലം ധോത്തീസ് സെറ്റ്മുണ്ട്, എന്നിവയ്ക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ റീജിയണൽ ബ്രാന്റ് ഡെവലപ്മെന്റ് എന്ന പദ്ധതി അനുസരിച്ച് പുരാതന ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയിലുള്ള കൊത്തുപണികൾ, പ്രാചീന കലാരൂപങ്ങൾ എന്നിവ ഉപയോഗിച്ച് നൂതനങ്ങളും, ആകർഷകവുമായ 500 ഡിസൈനുകൾ കണ്ണൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| ബി) | കൈത്തറി മേഖലയ്ക്ക് ആവശ്യമായ തരത്തിൽ ഉന്നത നിലവാരത്തിലുള്ള എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നറിയിക്കുമോ; | (ബി) | പ്രധാനപ്പെട്ട പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ തറികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ടേക്ക് അപ്പ് / ലറ്റ് ഓഫ് മോഷൻ, ഡിസൈനുകൾ രൂപപ്പെടുത്തുന്നതിനാവശ്യമായ സ്പെക്ട്രോമീറ്റർ, കളർമാച്ചിങ് സോഫ്റ്റ്‌വെയർ, കംപ്യൂട്ടർ, ഇലക്ട്രിക്കൽ/ന്യൂമാറ്റിക് ജക്കാർഡ്, ഡോബി, ഡൈയിംഗ് സംവിധാനം, പ്രീലൂം പ്രൊസസിംഗിൽ ഭാഗിക യന്ത്രവൽക്കരണം എന്നീ ഉന്നതനിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | കൈത്തറി വസ്ത്രങ്ങൾ എല്ലാവരും ഉപയോഗിക്കുന്നതിന് വകുപ്പുതലത്തിലെന്തെല്ലാം പുതിയ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; | (സി) | കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിനായി സംസ്ഥാനത്തിലെ വിവിധ ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ഹോർഡിംഗ് സ്ഥാപിക്കൽ, വിഷ്വൽ ഇലക്ട്രോണിക് മീഡിയ, പത്രം, മാഗസിൻ എന്നിവയിലൂടെ പരസ്യം നൽകൽ, ഹാന്റ്‌ലൂം ഉത്പന്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും അവബോധം ഉണ്ടാക്കുന്നതിന് സ്കൂൾ തലത്തിൽ ചിത്ര രചനാ മത്സരവും കോളേജുതലത്തിൽ സെമിനാറുകളും മേളകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാരും പൊതുജനങ്ങളും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണം എന്നുള്ള സർക്കാർ ഉത്തരവ് സംസ്ഥാനത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട ഓഫീസ് കേന്ദ്രങ്ങളിലും ശിലാ ഫലകത്തിൽ രേഖപ്പെടുത്തി പ്രദർശിപ്പിച്ച് വരുന്നു. കഴിഞ്ഞ വർഷം അത്തം ദിനം കൈത്തറി ദിനമായി സർക്കാർ പ്രഖ്യാപിക്കുകയും അതിന് അനുബന്ധമായി വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പഴയ തലമുറയിലെ പാരമ്പര്യ വിദഗ്ദ്ധ നെയ്ത്തുകാർക്ക് കൈത്തറി യൂണിറ്റുകൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നറിയിക്കുമോ; | (ഡി) & (ഇ) | പാരമ്പര്യ വിദഗ്ദ്ധ നെയ്ത്തുകാർക്ക് ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഒരു വിദഗ്ദ്ധനെയ്ത്തുകാരന് ബാങ്ക് വായ്പ സഹായത്തോടെ 10 തറികൾ ഉൾപ്പെടുന്ന ഉത്പാദനയൂണിറ്റുകൾ സ്ഥാപിക്കാൻ സഹായം നൽകി വരുന്നു. കൂടാതെ ഷെഡ്ഡുകൾ നിർമ്മിക്കുക, തറികളും അനുബന്ധ സാമഗ്രികളും വാങ്ങുക, പരിശീലനം നൽകുക, പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ടി ശ്രമമുണ്ടാകുമോ? | | |

സെക്ഷൻ ഓഫീസർ